# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR(P12) 966/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P12) 966/2022. തീയ്യതി: 02/07/2022

## തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-07-2020 മുതൽ 05-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-07-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മീര ടി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷൈനി കൃഷ്ണദാസ്.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. രേഖ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അരവിന്ദാക്ഷൻ. വി എൻ, ഓഡിറ്റർ ടെയ്ലി

ശ്രീ. സ്വാലിഹ്. സി പി

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എ ഡി ധനീപ് | പ്രസിഡന്റ് | 01-04-2020 | 18-11-2020 |
| അഡ്ഹോക് കമ്മിറ്റി | പ്രസിഡന്റ് | 19-11-2020 | 29-12-2020 |
| ജാസ്മിൻ ഷഹീർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഷിപ്രദാസ് | സെക്രട്ടറി | 01-04-2020 | 18-02-2021 |
| അനിത രാമൻ | സെക്രട്ടറി | 19-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മീരാഭായ്. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ആൻസി യു എ | കൃഷി ഓഫീസർ | 01-04-2020 | 13-10-2020 |
| നാന്ദ പി എ | കൃഷി ഓഫീസർ | 14-10-2020 | 31-03-2021 |
| ആര്യ വി ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| രുഗ്മിണിനി ടി എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 03-03-2021 |
| ആശ മോൾ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 04-03-2021 | 31-03-2021 |
| സുമ എസ് എസ് | വി ഇ ഒ, തൃപ്പറ്റ് സർക്കിൾ | 01-04-2020 | 31-03-2021 |
| ദീപക് | വി ഇ ഒ, അണ്ടത്തോട് | 01-04-2020 | 24-11-2020 |
| സുമ എസ് എസ് | വി ഇ ഒ, അണ്ടത്തോട് | 25-11-2020 | 31-03-2021 |
| ഡോ. റീനു ജോൺ | വെറ്ററിനറി സർജൻ | 01-04-2020 | 23-09-2020 |
| ഡോ.ദിവ്യ റാണി തോമസ് | വെറ്ററിനറി സർജൻ | 24-09-2020 | 31-03-2021 |
| ഡോ. അരുൺ ബാബു | മെഡിക്കൽ ഓഫീസർ , പി എച്ച് സി | 01-04-2020 | 22-10-2020 |
| ഡോ.പിഷാരടി അനിൽ നാരായണൻ | മെഡിക്കൽ ഓഫീസർ , പി എച്ച് സി | 23-10-2020 | 25-02-2021 |
| ഡോ.ഷബ്ലം അബു | മെഡിക്കൽ ഓഫീസർ , പി എച്ച് സി | 26-02-2021 | 31-03-2021 |
| ഡോ. ടി എസ് . | മെഡിക്കൽ ഓഫീസർ , | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| മണികണ്ഠൻ | ആയുർവേദം | | |
| ശാന്ത. ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| മിനി .സി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ഫാത്തിമ പി എ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Meera T (Audit Officer, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Meera T (Audit Officer, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Meera T (Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-1 |
| 12 | വസ്തു നികുതി വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-2 |
| 13 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-3 |
| 14 | വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-4 |
| 15 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻടി രേഖപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-5 |

| | | |
|---|---|---|
| 16 | രേഖകൾ ഇല്ലാതെ ഡിമാൻഡ് വർധിപ്പിക്കുന്നു.<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-6 |
| 17 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-7 |
| 18 | വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-8 |
| 19 | മുൻകൂർ ആയി ലഭിച്ച വരുമാനങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-9 |
| 20 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-10 |
| 21 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-11 |
| 22 | ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-12 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-13 |
| 24 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-14 |
| 25 | ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-15 |
| 26 | ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-16 |
| 27 | തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കും ക്യാഷ് ബുക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-17 |
| 28 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-18 |
| 29 | അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-19 |
| 30 | എ സി ആർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11-20 |
| 31 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്കുള്ള എ സി ആർ - ൽ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022) | 1-11-21 |

| | | |
|---|---|---|
| | Last Updated By: Dhanya.A (Auditor, On 03-07-2022) | |
| 32 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-22 |
| 33 | ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-23 |
| 34 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-24 |
| 35 | പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-25 |
| 36 | ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-26 |
| 37 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ക്രമീകരിച്ചിട്ടില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-27 |
| 38 | "Directly Credited By Bank" എന്ന ഇനത്തിൽ ഉൾപ്പെടുത്തി റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തി<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-28 |
| 39 | രണ്ട് റിസ**ൺ**സിലിയേഷ**ൻ** പത്രിക ലഭ്യമാക്കി<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-29 |
| 40 | ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-30 |
| 41 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-31 |
| 42 | സാമൂഹ്യ ക്ഷേമ പെൻഷനുകൾ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-11-32 |
| 43 | ബജറ്റ് - അപാകങ്ങൾ<br>Written By: Meera T (Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-12 |
| 44 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-13 |
| 45 | ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തു.<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-14 |

| | | |
|---|---|---|
| 46 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-15 |
| 47 | റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-16 |
| 48 | പൊളിച്ച് മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-17 |
| 49 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-18 |
| 50 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-19 |
| 51 | ലൈസൻസ്-അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-20 |
| 52 | അനധികൃത കെട്ടിടത്തിനെതിരെ ഉള്ള തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-21 |
| 53 | ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്<br>Written By: Meera T (Audit Officer, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-22 |
| 54 | റർബൻ പദ്ധതി - കനോലി കനാൽ പാർശ്വ ഭിത്തി സംരക്ഷണവും തടയണ നിർമ്മാണവും - പ്രവൃത്തി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-23 |
| 55 | തെരുവു വിളക്ക് പരിപാലനം - അപാകതകൾ<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-24 |
| 56 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-25 |
| 57 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-26 |
| 58 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-27 |
| 59 | മഴക്കാലപൂർവ്വശുചീകരണം മുൻകൂർ അനുവദിച്ച തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല.<br>Written By: Swalih C.P (Auditor, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-28 |
| 60 | പ്രവൃത്തി പൂർത്തീകരണം -കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: Meera T (Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-29 |
| 61 | അക്രഡിറ്റഡ് ഏജൻസിയെ പ്രവൃത്തി ഏല്പിച്ചത് ക്രമപ്രകാരമല്ല-തുക തടസ്സപ്പെടുത്തുന്നു<br>Written By: Meera T (Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-30 |

| | | |
|---|---|---|
| 62 | മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ഐസ് ബോക്സും- വാഹനം വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: Rekha C (Asst. Audit Officer, On 13-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-31 |
| 63 | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 14-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-32 |
| 64 | ജീവനോപാധി കണ്ടെത്തുന്നതിന് മുട്ടക്കോഴിയും കൂടും നൽകൽ - കൂടിന് വേണ്ടി പ്ലാൻ വിഹിതം അധികം ചെലവഴിച്ചു.<br>Written By: Rekha C (Asst. Audit Officer, On 15-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-33 |
| 65 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അണ്ടത്തോട് സർക്കിൾ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 15-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-34 |
| 66 | ലൈഫ് ഭവന പദ്ധതി - മുൻകൂർ തുക കൈപ്പറ്റിയിട്ടും ഗൃഹ നിർമ്മാണം നാളിതു വരെ ആരംഭിച്ചിട്ടില്ല.<br>Written By: Rekha C (Asst. Audit Officer, On 15-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-35 |
| 67 | ശ്യാമ പ്രസാദ് മുഖർജി റർബൺമിഷൻ/നാഷണൽറർബൺമിഷൻ(NRUM)<br>Written By: Meera T (Audit Officer, On 15-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-36 |
| 68 | ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികൾ- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Rekha C (Asst. Audit Officer, On 16-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 1-37 |
| 69 | ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 16-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-38 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ജീവനോപാധി കണ്ടെത്തുന്നതിന് മുട്ടക്കോഴിയും കൂടും നൽകൽ - കൂടിന് വേണ്ടി പ്ലാൻ വിഹിതം അധികം ചെലവഴിച്ചു.<br>Written By: Rekha C (Asst. Audit Officer, On 16-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Swalih C.P (Auditor, On 12-06-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: Shobby.V.P (Audit Officer, On 05-07-2022) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: Dhanya.A (Auditor, On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Swalih C.P (Auditor, On 12-06-2022)<br>Last Updated By: N Satheesan (Deputy Director, On 05-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25.03.2020 | 1(1) | 333899000 | 359882000 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 10.02.2021 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 1 | 333925173 | 358597000 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 28-05-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 48580173 |
| വരവ് | 107876151 |
| ആകെ | 156456324 |
| ചെലവ് | 143373315 |
| നീക്കിയിരിപ്പ് | 13083009 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 20400490 | 20400490 | 19096428 | 1304062 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5912980 | 5912980 | 4957140 | 955840 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10957000 | 10957000 | 10956382 | 618 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5078113 | 5078113 | 4341415 | 736698 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (UNTIED) (ACR പ്രകാരം) | 0 | 14808843 | 14808843 | 9856940 | 4951903 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (TIED) (ACR പ്രകാരം) | 0 | 6970000 | 6970000 | 4567644 | 2402356 |

## 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 194 | 265692426 | 131 | 95176162 | 41 | 22 | 67.52 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 462664 | 810549 | 1273213 | 1262413 | 10800 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് +മെറ്റീരിയൽ കോസ്റ്റ് | 0 | 33689177 | 33689177 | 33689177 | 0 |

വാർഷിക കണക്കും ക്യാഷ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല . ആയത് വാർഷിക കണക്ക് അപാകതയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5815600 | 424 |
| വിധവാ പെൻഷൻ | 25279400 | 1788 |
| വാർദ്ധക്യകാലപെൻഷൻ | 24842000 | 1968 |
| വികലാംഗ പെൻഷൻ | 5079900 | 374 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 871100 | 71 |
| വിധവകളുടെ പെണ്മക്കൾക്കുള്ള ധനസഹായം | 300000 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.06.2022 തീയതിയിൽ 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27002/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1. വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. സോഫ്റ്റ്‌വെയറിൽ നേരിടുന്ന പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ അനുബന്ധ രജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും പ്രാധാന്യമർഹിക്കുന്നു.

2. ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തിരജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

3. റിപ്പോർട്ടിലെ 1-13മുതൽ 1-21 വരെയുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ വരവിനങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.5.22 | ജനവരി. ഫെബ്രുവരി, മാർച്ച് 2022 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 5.3.2014 - 10-03-2014 | 2008-09 മുതൽ 2012-13 വരെ | 20.5.2014 |

## 1-11-1 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11-2 വസ്തു നികുതി വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

എ) തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2729163 | 2654978 | 49948 | 69086 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2729163 | 2610129 | 49948 | 69086 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 116331 | 2127282 | 26519 | 133977 |
| വാർഷികകണക്കിലെ | 2272084 | 2111588 | 26519 | 133977 |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

ബി) കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 53413 | 28313 | 26442 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3738 * | 27971 | 26441** |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 593596 | 563621 | 30192 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 64893 | 563404 | 30208 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-11-3 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 139182 | 2704 | 141886 | 134290 | 1436 | 135726 | 3074 | | 3558 | 1324 | 3705 |
| | നോൺ-റെസിഡൻഷ്യൽ | 11631 | 29963 | 146294 | 107059 | 28220 | 135279 | 1426 | | 6809 | 1526 | 8355 |
| | ആകെ | | | 288180 | | | 271005 | 4500 | | 12060 | | |

| | | | | | |
|---|---|---|---|---|---|
| | 288180 | 271005 | | 274953 | 13277 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 -State Govt . Cess/levies ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 271005 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. മേൽ പറഞ്ഞ ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല, മറിച്ച് 274953 രൂപയാണ്.(വൌച്ചർ 42000244 തീ 31.3.21)

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 2729740 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 129988 ആണ്.എന്നാൽ ഈ ശീർഷകത്തിൽ 13277 രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-4 വസ്തുനികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 494077 | 466899 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 208459 | ലഭ്യമല്ല |

## 1-11-5 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2020-21 വർഷത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ 358 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും

രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-11-6 രേഖകൾ ഇല്ലാതെ ഡിമാൻഡ് വർധിപ്പിക്കുന്നു.

വാർഷിക കണക്ക് പ്രകാരം 2020-21 വർഷത്തിൽ വസ്തു നികുതി (റസിഡൻഷ്യൽ &നോൺ റസിഡൻഷ്യൽ ) കുടിശിക കളക്ഷൻ കുടിശിക ഡിമാൻഡ് തുകയേക്കാൾ കൂടുതലാണ്.(1-11-2 ബി ഖണ്ഡികയിലെ പട്ടികകൾ). 431100102 Recievables For Property Tax On Residential Buidingസ്(Arrears), 431100104 Recievables For Property Tax On Non Residential Buidingസ്(Arrears) എന്നീ ശീർഷകങ്ങളിലെ ഡിമാൻഡ് Prior Period Items എന്ന നോമിനൽ അക്കൗണ്ട് പ്രകാരം വർധിപ്പിച്ചതിനു ശേഷം തൻവർഷം കളക്ഷൻ വന്ന കുടിശ്ശികയായ വസ്തു നികുതി അതാത് ശീർഷകങ്ങളിൽ വരവ് വെക്കുകയും ചെയ്തത് കൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്.ഇതിൽ നിന്ന് മുൻ വർഷങ്ങളിൽ കെട്ടിടങ്ങളുടെ നികുതി യഥാസമയം ഡിമാൻഡ് ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച വന്നിട്ടുണ്ട് എന്ന് വ്യക്തമാണ്. കൂടാതെ ഇപ്രകാരം ഡിമാൻഡ് വർധിപ്പിക്കുമ്പോൾ സൂക്ഷിക്കേണ്ട വൗച്ചറുകളോ മറ്റു അനുബന്ധ രേഖകളോ സൂക്ഷിച്ചിട്ടുമില്ല.

### 1-11-7 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ )

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4. ഡി &ഒ ഡിമാൻഡ് രജിസ്റ്റർ

5. ക്രിമിറ്റോറിയം ഫീസ് വരവ് രജിസ്റ്റർ

### 1-11-8 വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

റസീപ്റ്റ് ആന്റ് പേയ്മെന്റ് RP – 3,RP -4( ബിൽഡിംഗ് പെർമിറ്റ്,ക്രിമിറ്റോറിയം ഫീസ് ഒഴികെ), RP -5 എന്നീ ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളൊന്നും തന്നെ ഡിസിബി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-11-9 മുൻകൂർ ആയി ലഭിച്ച വരുമാനങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1. | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 91200 |

### 1-11-10 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ

ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (54,199.00) |
| 280100104-Prior Period Income-Property Tax On Non-residential Bulidings | (528,720.00) |
| 280100102-Prior Period Income - Profession Tax - Institutions/ Professionals/ Trader | (1,250.00) |
| 280200401-Prior Period Income - Other Incomes | (76.00) |

## 1-11-11 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-12 ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് പ്രകാരം ആസ്തി മൂല്യം 66864817 രൂപയാണ് . ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-13 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 35497164 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29866329 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-14 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തെ Income And Expenditureപത്രിക പ്രകാരം 10397942 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ് മാത്രമാണ് ഹാജരാക്കിയത് ജേണൽ വൌച്ചർ ഹാജരാക്കിയിട്ടില്ല.

## 1-11-15 ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം 10 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിയിസേഷൻ

കണക്കാക്കിയിട്ടില്ല.

| ക്ര.ന | ആസ്തി -ശീർഷകം | 31/3/2021 ലെ മൂല്യം |
|---|---|---|
| 1 | 410710199- Movable Asset Others | 683632 |

## 1-11-16 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ് എങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-11-17 തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കും ക്യാഷ് ബുക്കും പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ Income And Expenditure പത്രിക I-6ഉം I -14 ഉം പൊരുത്തപ്പെടുന്നില്ല. RP 40 (B) പ്രകാരമുള്ള നീക്കിയിരിപ്പും (11100) ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (12800) തമ്മിലും പൊരുത്തപ്പെടുന്നില്ല.

## 1-11-18 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഇനങ്ങളുടെ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല. 340109901 – Other Deposits ( OB -274981 Receipt -51152, CB- 326133 ) എന്ന ഇനം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-11-19 അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

അഡ്വാൻസ് രജിസ്റ്ററിൽ വിവിധ അഡ്വാൻസുകളുടെ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

1. RP -47 പ്രകാരം Advance To Others എന്ന ഇനത്തിൽ 1095503 രൂപയുടെ ചെലവ് രേഖപ്പെടുത്തി കാണുന്നു എന്നാൽ രജിസ്റ്ററിൽ 11000853 രൂപയുടെ ചെലവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
2. B-18പ്രകാരം Advance To Implimenting Officers എന്ന ഇനത്തിൽ 380000 രൂപ ചേർത്തിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

## 1-11-20 എ സി ആർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് എ.സി.ആർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

## 1-11-21 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്കുള്ള എ സി ആർ - ൽ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തുന്നില്ല

1. RP -31 പ്രകാരം 320300109 Life &Other State Sponsored ഫണ്ട് എന്ന ഇനത്തിൽ 34984 രൂപയുടെ വരവ് രേഖപ്പെടുത്തി കാണുന്നു എന്നാൽ രജിസ്റ്ററിൽ 34915 രൂപയുടെ വരവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. RP -31 പ്രകാരം 320700404,320800101,320800202,320300103 എന്നീ ശീർഷകങ്ങളിലെയും B-4 പ്രകാരമുള്ള 320200322,320800101 എന്നീ ശീർഷകങ്ങളിലെയും വരവുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-22 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് / ട്രഷറി അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 |
|---|---|---|

| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1297358 | | | |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 173047 | 450650109 | ട്രഷറി സ്പെ. ടി എസ് ബി 794 | 1000000 |
| 3. | 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3206498 | | | |
| 4 | 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 1100000 | | | |
| 5 | 320300102 | ജലനിധി - എസ് ബി ടി | 1226656 | 450410104 | എസ് ബി ടി | 1292863 |

## 1-11-23 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450630101 | എം എൻ ലക്ഷം വീട് - TDCB | 92330 |
| 2 | 450420101 | Life Mission CSB | 96555 |
| 3 | 450620101 | South Indian Bank-PBIG | 2321948 |

## 1-11-24 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 26/21 വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ ,KSEB Punnayurkkulam Section | 22001030 Dt: 8.3.2021 | 31073 | 251300401-Electrification General | 460500202-Advance To Implementing Agencies - Deposit With Kerala Electricity Board |

| | | | | | |
|---|---|---|---|---|---|
| 2 | 26/21 വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ ,KSEB Punnayurkkulam Section | 22001232 Dt:29.3.2021 | 104111 | 252100101-Energy-Electrification Of Street Lights-General | 460500202-Advance To Implementing Agencies - Deposit With Kerala Electricity Board |

## 1-11-25 പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയ എല്ലാ പദ്ധതികളുടെയും വിവരങ്ങൾ Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി കാണുന്നില്ല. ഉദാ:- പ്രോജക്ട് നം 41/ 21 ,79/21

## 1-11-26 ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-11-27 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ക്രമീകരിച്ചിട്ടില്ല

SBT പുന്നയൂർക്കുളം Own Fund എന്ന അക്കൗണ്ടിൽ താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 473758 | 6.10.2020 | 53155 |

## 1-11-28 "Directly Credited By Bank" എന്ന ഇനത്തിൽ ഉൾപ്പെടുത്തി റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തി

"Directly Credited By Bank" എന്ന ഇനത്തിൽ 2000 രൂപ ഉൾപ്പെടുത്തിയാണ് SBT MGNREGS എന്ന അക്കൗണ്ടിന്റെ റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക |
|---|---|
| 31.8.2020 | 1000 |
| 31.8.2020 | 1000 |
| ആകെ | 2000 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-11-29 രണ്ട് റിസൺസിലിയേഷൻ പത്രിക ലഭ്യമാക്കി

SBT MGNREGS എന്ന അക്കൗണ്ടിന്റെ രണ്ട് റിസൺസിലിയേഷൻ പത്രിക ലഭ്യമാക്കിയിട്ടുണ്ട്.രണ്ട് പത്രികയിലും ബാങ്ക് ബുക്ക് പ്രകാരമുള്ള ക്ലോസിങ് ബാലൻസ് 10045,11100 എന്നിങ്ങനെയാണ്.എന്നാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള ക്ലോസിങ് ബാലൻസ് 12800 രൂപയാണ്.

## 1-11-30 ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കിൽ തിരിച്ചടയ്ക്കാൻ ബാക്കി (Balance Sheet B -5 ) 17148397 രൂപയുണ്ട്.

## 1-11-31 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-32 സാമൂഹ്യ ക്ഷേമ പെൻഷനുകൾ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-12 ബജറ്റ് - അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 214(5)- ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | ഇനം | ബജറ്റ് പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501001 | Agriculture And Related Sectors - Paddy | 2765000 | 3825023 |
| 2 | 2501002 | Agriculture And Related Sectors - Other Crops | 200000 | 1293724 |
| 3 | 2501004 | Agriculture And Related Sectors - Animal Husbandry | ഇല്ല | 66000 |
| 4 | 2501039 | Animal Husbandry -Infrastructure | 0 | 200000 |
| 5 | 2501041 | Animal Husbandry -Related Facility | 0 | 312000 |
| 6 | 2501052 | Inland -Pisciculture | ഇല്ല | 102400 |
| 7 | 2502001 | Soil And Water Conservation | 50000 | 1574499 |
| 8 | 2511001 | Pre-primary Education - | ഇല്ല | 838971 |
| 9 | 2511006 | SSA & Other Educational Programs | 0 | 1000000 |
| 10 | 2512002 | Public Health Programs | 1000000 | 1030919 |
| 11 | 2513004 | Electrification | ഇല്ല | 31073 |
| 12 | 2513005 | Programs For The Aged | 300000 | 614865 |
| 13 | 2513011 | Special Programs For Scheduled Tribes | ഇല്ല | 247140 |
| 14 | 2514001 | Development Programs For Women And Children | 1500000 | 2229700 |
| 15 | 2514101 | Anganwadi Nutrition | ഇല്ല | 1900000 |

| | | | | |
|---|---|---|---|---|
| 16 | 2521001 | Energy - Electrification Of Street Lights | 1000000 | 2272470 |
| 17 | 2521007 | Office Electrification | ഇല്ല | 16500 |
| 18 | 2522001 | Roads | 10000000 | 15316843 |
| 19 | 2522012 | Other Programs In Infrastructure Sector | 500000 | 764228 |
| 20 | 252(Total) | Decentralised Plan Programme - Infrastructure Sector | 12300000 | 18520041(RP-17) |
| 21 | 2531012 | Payments To IKM | 65000 | 87195 |
| 22 | 254(Total) | Expenditures Of Transferred Institutions And State Sponsored Schemes (Not Included Under Decen) | ഇല്ല | 781000(RP-19) |
| 23 | 2551001 | Maintenance Projects - Road Assets | 1000000 | 3624522 |

ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിച്ചതിനു വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/10.6.2022) മറുപടി ലഭ്യമാക്കിയില്ല.കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 6-ാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) |
|---|---|---|---|---|
| 1 | 6/2 | ഹനീഫ | പാർപ്പിടം | 178 |
| 2 | 6/155 | കുട്ടൻ | പാർപ്പിടം | 74 |
| 3 | 6/218 | ബീവാത്തു | പാർപ്പിടം | 102 |
| 4 | 6/269 | വിക്രമൻ | പാർപ്പിടം | 116 |
| 5 | 6/294 | ശംസുദ്ധീൻ | പാർപ്പിടം | 70 |
| 6 | 6/377 | അമ്മു | പാർപ്പിടം | 102 |
| 7 | 6/493 | ആമിനമ്മ | പാർപ്പിടം | 102 |
| 8 | 6/536 | ഉമ്മർ | പാർപ്പിടം | 120 |
| 9 | 6/537 | അലി | പാർപ്പിടം | 130 |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.6.2022)മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഡിമാന്റില്ലാതെ വസ്തു നികുതി പിരിച്ചെടുത്തു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ 6-ാം വാർഡ് മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 6/2 | ഹനീഫ | പാർപ്പിടം | 178 | 1089 |
| 2 | 6/269 | വിക്രമൻ | പാർപ്പിടം | 116 | 1098 |
| 3 | 6/536 | ഉമ്മർ | പാർപ്പിടം | 120 | 567 |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.6.2022)മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ പരാമർശിച്ചത് പോലെ കെട്ടിടങ്ങളുടെ നികുതി ഡിമാൻഡ് ഇല്ലാതെ പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിൽ വ്യക്തത വരുത്തി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്.ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.(1,6 എന്നീ വാർഡുകളിലെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ടത് )

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 1/ 71 A | മൊയ്തു വലിയ വീട്ടിൽ | ദേശിയ പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 1/ 71 B | മൊയ്തു വലിയ വീട്ടിൽ | ദേശിയ പാത | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 2 | 6/ 563 | നാലകത്തു സറഫുദ്ധീൻ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 6/ 564 | നാലകത്തു സറഫുദ്ധീൻ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 3 | 6/ 463 A | സക്കറിയ,കറുപ്പംവീട്ടിൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 6/ 464 | ഉമ്മർ, കരുംവീട്ടിൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 6/ 465 | ഇബ്രാഹിം , പുന്നയൂർക്കളം | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 4 | 6/ 412 | ഉസ്മാൻ ,ചന്ദനത്തേൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 6/ 413 | ഉസ്മാൻ ,ചന്ദനത്തേൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| | | | | കൂടുതൽ | |
| 5 | 6/ 119 | റംല , കുന്നനയിൽ | ചങ്ങരംകുളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 6/ 120 | റംല , കുന്നനയിൽ | ചങ്ങരംകുളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 6 | 6/ 116 | റംല , കുന്നനയിൽ | ചങ്ങരംകുളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 6/ 117 | റംല , കുന്നനയിൽ | ചങ്ങരംകുളം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 7 | 6/ 92 | നഫീസ ,ചെരപ്പറമ്പിൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| | 6/ 93 | മൊയ്തുണ്ണി,കരുവീട്ടിൽ | സംസ്ഥാന പാത | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.6.2022)മറുപടി ലഭ്യമാക്കിയില്ല.ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | റസീറ്റ് ഐ ഡി | റസീറ്റ് നമ്പർ/തീയതി | തുക | കളക്ഷൻ വർഷം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 15/345 | സലാഹുദ്ധീൻ | 800932 | 120060100624/ 18.6.2020 | 173 | 2020 | സഞ്ചയ പ്രകാരം നികുതി കുടിശ്ശിക ഇല്ല. എന്നാൽ 2020-21 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 2 | 18/89/B | അബ്ദുല്ല കുട്ടി ,ഷാഹിദ | 802898 | 120060101892/ 30.9.2020 | 538 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. എന്നാൽ 2020-21 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 3 | 18/89/C | അബ്ദുല്ല കുട്ടി ,ഷാഹിദ | 802899 | 120060101893/ 30.9.2020 | 544 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. എന്നാൽ 2020-21 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 4 | 18/89/D | അബ്ദുല്ല കുട്ടി ,ഷാഹിദ | 802900 | 120060101894/ 30.9.2020 | 544 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. എന്നാൽ 2020-21 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 5 | 18/89/E | അബ്ദുല്ല കുട്ടി ,ഷാഹിദ | 802901 | 120060101895/ 30.9.2020 | 544 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. എന്നാൽ 2020-21 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 6 | 16/260 | റഹിയാനത് | 805444 | 120060103751/ 19.1.2021 | 256 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. എന്നാൽ 2020-21 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 7 | 18/98/A | ജൈലാനി,ബീപാത്തു കുട്ടി ഉമ്മ | 806636 | 120060104688/ 24.2.2021 | 2819 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. എന്നാൽ 2020-21 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 8 | 18/103/A | അബ്ദുള്ള ,ഫാത്തിമ | 806643 | 120060104695/ 24.2.2021 | 34 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്.എന്നാൽ 2021-22 വർഷത്തിൽ നികുതി ഒന്നും അടവാക്കിയിട്ടില്ല.2020-21 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2021-22 ലെ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |
| 9 | 11/535 | മണികണ്ഠൻ | 808535 | 120060106203/ 24.3.2021 | 358 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്.എന്നാൽ 2021-22 വർഷത്തിൽ 20 രൂപ മാത്രമാണ് നികുതി ആയി അടച്ചിട്ടുള്ളത്(വാർഷിക ഡിമാൻഡ് 378 രൂപ ). 2020-21 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2021-22 ലെ മുഴുവൻ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |
| 10 | 12/379 | അഷ്റഫ് | 808657 | 120060106305/ 25.3.2021 | 596 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്.എന്നാൽ 2021-22 വർഷത്തിൽ 7 രൂപ മാത്രമാണ് നികുതി ആയി അടച്ചിട്ടുള്ളത്(വാർഷിക ഡിമാൻഡ് 603 രൂപ ). 2020-21 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2021-22 ലെ മുഴുവൻ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | 18/54/C | സുബൈദ | 808898 | 120060106459/ 29.3.2021 | 1050 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്.എന്നാൽ 2021-22 വർഷത്തിൽ നികുതി ഒന്നും അടവാക്കിയിട്ടില്ല.2020-21 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2021-22 ലെ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |
| 12 | 12/49 | സുഹറ | 808984 | 120060106529/ 30.3.2021 | 140 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്. എന്നാൽ 2020-21 വർഷത്തെ വസ്തു നികുതി ക്യാൻസൽ ചെയ്ത രസീത് മുഖേന അടവാക്കിയതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| 13 | 10/334 | ഷരീഫ് | 808996 | 120060106539/ 31.3.2021 | 236 | 2020 | സഞ്ചയ പ്രകാരം 2022-23 വർഷത്തിലെ നികുതി മാത്രമാണ് അടവാക്കാനുള്ളത്.എന്നാൽ 2021-22 വർഷത്തിൽ 6 രൂപ മാത്രമാണ് നികുതി ആയി അടച്ചിട്ടുള്ളത്(വാർഷിക ഡിമാൻഡ് 242. രൂപ ). 2020-21 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2021-22 ലെ മുഴുവൻ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |
| | ആകെ | | | | 7832 | | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.6.2022)മറുപടി ലഭ്യമാക്കിയില്ല. ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരാൻ കാരണമാകുന്നു.റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത രസീത് മുഖേനയുള്ള വരുമാനം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്ന ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 പൊളിച്ച് മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച് കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ 1,4,വാർഡുകളിലെ 2020-21 വർഷത്തിൽ പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തോടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ/ തീയതി | കെട്ടിട നമ്പർ | പേര് | ഉപയോഗ ക്രമം | നികുതി ഒടുക്കാത്ത കാലയളവ് | ഒഴിവാക്കി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 353/2020 8.10.2020 | 5/257 T | എ കെ പവിത്രൻ ,പവീസ് റിസോർട് | റിസോർട്സ് | 2017ഒന്നാം അർദ്ധ വർഷം മുതൽ 2020 രണ്ടാം അർദ്ധവർഷം വരെ | 14480 |

മേൽവിഷയം സംന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/10.6.2022)മറുപടി ലഭ്യമാക്കിയില്ല.1998-ലെ കേരള പഞ്ചായത്ത്രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ആയിരം രൂപയിൽ കവിയാത്ത തുക മാത്രമേ ഗ്രാമപഞ്ചായത്തിന് നേരിട്ട് എഴുതിത്തള്ളാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങണം. മേൽ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 1-19 തൊഴിൽ നികുതി - അപാകങ്ങൾ

1. 2020-21 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | ആകെ ശമ്പളം | അടയ്ക്കേണ്ടത് | അടച്ചത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | പോസ്റ്റ് ഓഫീസ് അണ്ടത്തോട് | എം.കെ.ദിവ്യ | ഒന്നാം അർദ്ധ വർഷം | 72000 | 600 | 300 | 300 |
| 2 | പോസ്റ്റ് ഓഫീസ് അണ്ടത്തോട് | എം.കെ.ദിവ്യ | രണ്ടാം അർദ്ധ വർഷം | 72000 | 600 | 300 | 300 |
| | | | | | | ആകെ | 600 |

2. താഴെ പറയുന്ന സ്ഥപാനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

1. വടക്കേക്കാട് പോലീസ് സ്റ്റേഷൻ- ഒന്നാം അർദ്ധ വർഷം

2. വെറ്ററിനറി ഡിസ്പെൻസറി, പുന്നയൂർക്കുളം- രണ്ട് അർദ്ധ വർഷങ്ങളിലെയും

3. വില്ലേജ് ഓഫീസ്, പുന്നയൂർക്കുളം - ഒന്നാം അർദ്ധ വർഷം

4. എ.എം.എൽ.പി.സ്കൂൾ, ചെറായി നോർത്ത്- ഒന്നാം അർദ്ധ വർഷം

5. ജി.എച്ച്.എസ്.എസ്. കടിക്കാട് - ഒന്നാം അർദ്ധ വർഷം

6. പോസ്റ്റ് ഓഫീസ്, പുന്നയൂർക്കുളം - ഒന്നാം അർദ്ധ വർഷം

7. ബി.എസ്.എൻ.എൽ., പുന്നയൂർക്കുളം - രണ്ട് അർദ്ധ വർഷങ്ങളിലെയും

3. സ്ഥാപന നികുതി അടവാക്കിയതിന്റെ വിവരങ്ങളും അപൂർണ്ണമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 33/13.6.2022) മറുപടി മറുപടി ലഭ്യമാക്കിയില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. കൂടാതെ ക്രമ നമ്പർ 2,3 എന്നിവയിലെ അപാകങ്ങൾക്കുള്ള മറുപടി ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## 1-20 ലൈസൻസ്-അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജി.ഒ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മുൻപുണ്ടായിരുന്ന പട്ടിക2 ഒഴിവാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ 12.03.2018 ലെ 8/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ഓരോ സംരംഭങ്ങൾക്കും ബാധകമായ ലൈസൻസ് ഫീസ് താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| ക്രമ നംപർ | സംരംഭത്തിന്റെ തരം | ലൈസൻസ് ഫീസ് |
|---|---|---|
| 1. | മൈക്രോ എൻറർപ്രൈസസ് | 500 |
| 2. | മിനി എൻറർപ്രൈസസ് | 1000 |
| 3 | സ്മാൾ എൻറർപ്രൈസസ് | 5000 |
| 4 | മീഡിയം എൻറർപ്രൈസസ് | 10000 |
| 5 | ലാർജ്ജ് എൻറർപ്രൈസസ് | 15000 |

1. ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത് നിശ്ചയിക്കപ്പെട്ട നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിലാണ്. മേൽ കമ്മിറ്റി തീരുമാന പ്രകാരം ഏറ്റവും കുറഞ്ഞ ഫീസ് 500 രൂപയാണെന്നിരിക്കേ 100 രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കിയിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| കെട്ടിട നം | ഉടമ/സ്ഥാപനം | അപേക്ഷ പ്രകാരം മൂലധനം | പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 4/367 | ഭാസ്കരൻ പേരോത് , | 50000 | 500 | 300 |

| | | | | |
|---|---|---|---|---|
| | പി ബി കെ സ്റ്റോഴ്സ് | | | |
| 11/464 | എം.സി ബാലൻ ദേവാസുര ഇൻ | 6000000 | 5000 | 2000 |
| 12/428 | വിജയൻ,ഗോൾഡ് വർക്സ് | 76000 | 500 | 200 |

2. ഗ്രാമപഞ്ചായത്തിലെ 11,,14 എന്നീ വാർഡുകളിൽ നിന്നും നിന്ന് വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 1 മുതൽ 90 വരെയുള്ള നമ്പർ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെ കാണുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തി ആയതിനനുസരിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം/ ഉടമ | ലൈസൻസ് രജിസ്റ്റർ ക്രമ നം. | കെട്ടിട നമ്പർ |
|---|---|---|---|
| 1 | കെ കെ ഭാസ്കരൻ, ഹരിത ,ഫാർമസ്യൂട്ടിക്കൽസ് | 2 | 11/33 |
| 2 | ഇ ഡി നിഷ, കുന്നത്തൂർ മന ഔഷധി | 34 | 14/301 |
| 3 | ജോഷി സി എ സെന്റ് അന്റോണിസ് മിൽ | 83 | 14/372 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/13.6.2022)മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമായിരിക്കേണ്ടതായുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റെ ഒക്യുപൻസി ഉറപ്പാക്കേണ്ടതാണ്. ലൈസൻസ് നൽകുന്ന സ്ഥാപങ്ങളിൽ നിന്ന് നിയമപ്രകാരമുള്ള ഫീ ഈടാക്കുന്നുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 അനധികൃത കെട്ടിടത്തിനെതിരെ ഉള്ള തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പിന്റെ 10.6.2020 ലെ ആർ ബി 2/420/2018/ തസ്വഭവ നമ്പർ കത്ത് മുഖേന പുന്നയൂർക്കുളം സഹകരണ ബാങ്ക് കെട്ടിടത്തിന്റെ നിർമാണം കെ എം ബി ആർ 24(3) – മുൻവശത്തെ തുറസ്സായ സ്ഥലം , 25(1),26 – റോഡിൽ നിന്നുള്ള അകലം , 24(5) – വശങ്ങളിലെ സെറ്റ് ബാക്ക് എന്നിവ ലംഘിക്കുന്നതിനാൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാൻ സെക്രെട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത കത്തിൽ തന്നെ പെർമിറ്റില്ലാതെ നിർമിച്ച സെക്കന്റ് ഫ്ലോറിനെതിരെ കെ പി ബി ആർ 2011 ചട്ടം 20 പ്രകാരം നടപടി സ്വീകരിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/13.6.2022)മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടത്തിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-22 ഇ-ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയ തുകയായ 73152/- രൂപ ഇതു വരെയും ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക വരുത്തിയിട്ടില്ല. പ്രസ്തുത തുക തിരികെ ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 റർബൻ പദ്ധതി - കനോലി കനാൽ പാർശ്വ ഭിത്തി സംരക്ഷണവും തടയണ നിർമ്മാണവും - പ്രവൃത്തി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

പദ്ധതി നം - 99/21

വൗച്ചർ നം - 22000453/7.5.20 തുക 700000

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ റർബൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ കനോലി കനാൽ പാർശ്വ ഭിത്തി

സംരക്ഷണവും തടയണ നിർമ്മാണവും എന്ന പദ്ധതിയുടെ അടങ്കൽ ഒരു കോടി ഏഴ് ലക്ഷം രൂപയാണ്. ഇതിൽ ഒരു കോടി രൂപ റർബൻ മിഷൻ ഫണ്ടും 7ലക്ഷം രൂപ കൺവർജൻസ് ഫണ്ടും ( ഗ്രാമപഞ്ചായത്ത് വിഹിതം ) ആണ്. മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും ഒരു കോടി ഏഴ് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ( EST NO 2018/412/IA)തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും, ആയതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ , മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ , എറണാകുളം MIDTsr/2019-20/2018/412/IA Dt. 4.1.20 ാം നമ്പർ ആയി സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്.

പദ്ധതി നടത്തിപ്പിനായി മൈനർ ഇറിഗേഷൻ വകുപ്പുമായി 20.2.20ന് 13/19-20ാം നമ്പറായി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം മുഴുവൻ തുകയും മൈനർ ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതും പ്രസ്തുത പ്രവൃത്തി കോൺട്രാക്ടർക്ക് സൈറ്റ് കൈമാറിയ തിയതി മുതൽ 18മാസത്തിനകം പൂർത്തീകരിക്കുന്നതാണെന്നും പറയുന്നു. എന്നാൽ സൈറ്റ് കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കിയതായി കാണുന്നില്ല.

ഇതിൽ റർബൻ മിഷൻ ഫണ്ടായ 1കോടി രൂപ മൈനർ ഇറിഗേഷൻ വകുപ്പിലേക്ക് 27.2.20 ന് അടവാക്കിയിട്ടുണ്ട്. ( ചെക്ക് നം. 000028/24.2.20) ബാക്കിയുള്ള പഞ്ചായത്ത് വിഹിതമായ 7ലക്ഷം രൂപ അടവാക്കുന്നതിനു വേണ്ടിയാണ് ഈ പദ്ധതി.ആയത് പ്രകാരം മൈനർ ഇറിഗേഷൻ വകുപ്പിന് 7ലക്ഷം രൂപ കൈമാറിയിട്ടുള്ളതുമാണ്. നൽകിയ തുകയ്ക്കുള്ള രശീതി ലഭ്യമാക്കുന്നതിനും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(8/8.6.22)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. രശീതി ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 തെരുവു വിളക്ക് പരിപാലനം - അപാകതകൾ

തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 20-21 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവു വിളക്ക് ഹൈമാസ്റ്റ് ലൈറ്റ് , ഹാലോജൻ ലൈറ്റ് പരിപാലനം

പ്രോജക്ട് നം - 21/21

| വൗച്ചർ നം /തിയതി | തുക |
|---|---|
| 22000800/24.12.20 | 125000 ( തനത് ഫണ്ട് ) |
| 22000360/17.8.19 | 125000 |
| ലഭ്യമല്ല | 125000 |
| ആകെ | 375000 |

താഴെപ്പറയും പ്രകാരമുള്ള തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്

| തെരുവു വിളക്കിന്റെ ഇനം | എണ്ണം |
|---|---|
| ഫ്ലൂറസന്റ് സിംഗിൾ ട്യൂബ് 40w | 258 |
| ഹൈമാസ്റ്റ് | 1 |
| എൽ ഇ ഡി ലൈറ്റ് 24W | 296 |
| എൽ ഇ ഡി ലൈറ്റ് 20W | 72 |
| എൽ ഇ ഡി ലൈറ്റ് 36W | 285 |

ടെണ്ടറിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ എ കെ ഇലക്ട്രിക്കൽസ് , പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു ( 18.5.20ലെ 3(1)തീരുമാനം)

സ്ഥാപനം 26.5.20 ന് 2/20-21 ാം നമ്പറായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

സ്ഥാപനം നൽകിയ ഇൻവോയ്സുകളുടെയും വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങളുടെയും അടിസ്ഥാനത്തിലാണ് കരാർ സ്ഥാപനത്തിന് മേൽ പ്രകാരമുള്ള തുക അനുവദിച്ചിരിക്കുന്നത്.

ഇത് പ്രകാരം 24W,36W എൽ ഇ ഡി ലൈറ്റുകളും ,സിംഗിൾ ട്യൂബ് എന്നിവയാണ് റിപ്പയർ ചെയ്തിരിക്കുന്നത്

മേൽ ചെലവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- തെരുവു വിളക്കു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലുംരജിസ്റ്ററിൽ 24W,20W,36W എൽ ഇ ഡി ലൈറ്റുകളുടെയും സിംഗിൾ ട്യൂബിന്റെയും വിവരങ്ങൾ മാത്രമാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ തന്നെ പഞ്ചായത്ത് പരിധിയിൽ എത്ര ഡബിൾ ട്യൂബ്, ഹൈമാസ്റ്റ്, ,മെർക്കുറി വേപ്പർ ലാമ്പ്, സോഡിയം ലാമ്പ്,ഓർഡിനറി ബൾബ് എന്നിവ ഉണ്ട് എന്നത് സംബന്ധിച്ച കൃത്യമായ ഒരു വിവരം ലഭ്യമല്ല.
- കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം

സൂക്ഷിച്ചിട്ടില്ല.

- കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

- 5.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

- തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി.യുടെ നിരക്കിനേക്കാൾ അധികമാകാൻ പാടില്ലാത്തതുമാണ്.എന്നാൽ മേൽ കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

2. എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

പ്രോജക്ട് നം - 18/21

| വൗച്ചർ നം /തിയതി | തുക (CFC) |
|---|---|
| 220011578/12.3.21 | 987850 |

നിലവിലുള്ള 860പോസ്റ്റുകളിൽ 30Wഎൽ ഇ ഡി ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയതിരിക്കുന്നത്. ആയത് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ എ കെ ഇലക്ട്രിക്കൽസ് , പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു ( 29.9.20ലെ 3തീരുമാനം) . പ്രവൃത്തി പൂർത്തീകരിച്ച് സ്ഥാപനത്തിന് മേൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്. തെരുവു വിളക്കു സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3) ആൽത്തറ ഹൈമാസ്റ്റ് ലൈറ്റിൽ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ

പ്രോജക്ട് നം - 97/21

| വൗച്ചർ നം /തിയതി | തുക (CFC) |
|---|---|
| 22000452/7.5.20 | 96500 |

ഹൈമാസ്റ്റ് ലൈറ്റിൽ മെർക്കുറി വേപ്പർ ലാമ്പ് മാറ്റി 200Wന്റെ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ഹാലോജൻ ലാമ്പുകൾ ബൈബാക്ക് ചെയ്യാം എന്ന വ്യവസ്ഥയോടുകൂടി എ കെ ഇലക്ട്രിക്കൽസ് , പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും (13.1.20 ലെ 2/2തീരുമാനം) വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല മാത്രമല്ല തെരുവു വിളക്കു സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുമില്ല

4)വഴിവിളക്ക് മിനിമാസ്റ്റ് സ്ഥാപിക്കൽ

പദ്ധതി നം - 94/21

| വൗച്ചർ നം /തിയതി | തുക |
|---|---|
| 22000205/18.6.20 | 161903 ( തനത് ഫണ്ട്) |
| 22000964/ 11.2.21 | 1279122 ( തനത് ഫണ്ട്) |
| 22001188/20.3.21 | 178005 ( CFC Grant) |

ടെണ്ടർ നടപടികളിലൂടെ Solenergees എന്ന സ്ഥാപനമാണ് മേൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. 75872രൂപ വരുന്ന 18 എണ്ണം സ്ഥാപിച്ച വകയിലാണ് ജി എസ് ടി ഉൾപ്പെടെ മേൽ പ്രകാരമുള്ള തുക സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. പദ്ധതി ചെലവുകൾ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനമില്ല.

3.സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതായി കാണുന്നില്ല.

4. സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല.

5. ആകെ 18എണ്ണം സ്ഥാപിച്ചതിനാണ് സ്ഥാപനത്തിന് തുക കൈമാറിയിരിക്കുന്നത്. എന്നാൽ ഇതിൽ 14 എണ്ണം ഏതെല്ലാം സ്ഥലങ്ങളിൽ /വാർഡിൽ ആണ് സ്ഥാപിച്ചത് എന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

6.സ്ഥാപനത്തിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ടില്ല.

7. ഇ എം ഡി , എസ് ഡി അടവാക്കിയതിന്റെ വിശദാംശങ്ങൾ ഇല്ല.

8. തെരുവു വിളക്ക സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല. രേഖകളുടെ അഭാവത്തിൽ പ്രൊജക്ട് നമ്പർ 94/21-വഴിവിളക്ക് മിനിമാസ്റ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയ്ക്കായി ചെലവഴിച്ച 1619030 തടസ്സത്തിൽ വെയ്ക്കുന്നു.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി കൈമാറിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| ക്രമനം | പദ്ധതി നം /പദ്ധതിയുടെ പേര് | തുക അനുവദിച്ചത് | ബിൽ നം / വൗച്ചർ നം/തിയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 16/21<br>ഐ കെ എം വിഹിതം നൽകൽ | ഐ കെ എം | 22001127/11.2.21 | 87195 | രശീതി ഹാജരാക്കിയിട്ടില്ല. |
| 2 | 26/21<br>വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കൽ | കെ എസ് ഇ ബി , പുന്നയൂർക്കുളം സെക്ഷൻ | 22001232/29.3.21<br>22001030/8.3.21 | 104111<br>31073 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി - 5/6.6.22)

## 1-26 ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

2020-21 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾഹാജരാക്കിയില്ല

| ക്രമ നം | പദ്ധതി നം / പദ്ധതിയുടെ പേര് | ബിൽ നം /വൗച്ചർ നം /തിയതി | തുക |
|---|---|---|---|
| 1 | 93/21<br>ലൈബ്രറികൾക്ക് പ്രൊജക്ടർ വാങ്ങൽ | 22000417/12.4.20 | 194000 |
| 2 | 70/21<br>എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 22000451/7.5.20 | 499200 |
| 3 | 105/21<br>ചമ്മന്നൂർ. ചെറായി കപ്രവള്ളി , പുന്നയൂർക്കുളം സ്കൂളുകൾക്ക് സ്ഥലം വാങ്ങൽ | 22000304/31.07.20 | 2291277 |
| 4 | 198/21<br>സ്ട്രീറ്റ് മെയിൻ വലിക്കൽ | 22000585/6.10.20 | 53155 |

ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയിരുന്നുവെങ്കിലും (എൻക്വയറി നം -20/10.6.22) ആയത് ഹാജരാക്കുകയുണ്ടായില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 3037632 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു

## 1-27 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ. (എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച കാര്യത്തിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (എൻക്വയറി നം -2/6.6.22) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മേൽ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്

## 1-28 മഴക്കാലപൂർവ്വശുചീകരണം മുൻകൂർ അനുവദിച്ച തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

മഴക്കാലപൂർവ്വ ശുചീകരണത്തിനായി 2018-19,2020-21 വർഷങ്ങളിൽ അനുവദിച്ച 380000 രൂപ (190000 രൂപ വീതം ) നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഈ തുക ബാലൻസ് ഷീറ്റിൽ B -18ഷെഡ്യൂളിൽ Advance To Implimenting Officers എന്ന ഹെഡ്ഡിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി ചേർത്തിട്ടുണ്ട്. തുക നാളിതുവരെ ക്രമീകരിക്കാതിരുന്നതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് എൻക്വയറി(14/9.6.22) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുക ക്രമീകരിച്ച് ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-29 പ്രവൃത്തി പൂർത്തീകരണം -കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് തവണ കരാർ കാലയളവിന്റെ 25% കൂടി നീട്ടി അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്.എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധിദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ ,ഭരണ സമിതി തീരുമാനങ്ങൾ എന്നിവ ഫയലിൽ ഇല്ല. അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലതാമസത്തിന്പിഴ ഈടാക്കിയിട്ടില്ല .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്റ്റ്-s0155/21 ചെറായി പാടശേഖരത്തിൽ മോട്ടോർഷെഡ് നിർമ്മാണം (56/19,157/19)

നിർവഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് എഞ്ചിനീയർ

ഫണ്ട് -ധനകാര്യ കമ്മീഷൻഗ്രാന്റ്

ഭരണാനുമതി - 3(2) 24-3-18

സാങ്കേതികാനുമതി, തുക- 2469/18-19-/28-4-18 ,199621

കരാറുകാരൻ -അബ്ദുൾജബ്ബാർ.എ.ടി.

കരാർ -5/AE/LSGD/PKLM/2-6-18

പിഎസി-197164

പ്രവൃത്തി ആരംഭിച്ചത്- 2-6-18

പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 1-12-18

പ്രവൃത്തി പൂർത്തീകരിച്ചത്-27-3-21

ആകെ പ്രവൃത്തിമൂല്യം-153494

(പാർട്ട് ബിൽ-114422(22000488/18-8-20)

ഫൈനൽബിൽ- 39072(22001284/30-3-21)

എം ബുക്ക്-6/18-19

മേൽപ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കരാറുകാരനിൽ നിന്ന് 5915രൂപ( പിഎസി-197164ന്റെ3% നിരക്കിൽ)പിഴ ഈടാക്കേണ്ടതാണ്.

## 1-30 അക്രഡിറ്റഡ് ഏജൻസിയെ പ്രവൃത്തി ഏല്പിച്ചത് ക്രമപ്രകാരമല്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് -S0179/21പഞ്ചായത്ത് ഓഫീസ് അടിസ്ഥാന

സൗകര്യ വികസനം,ലിഫ്റ്റ് ,മറ്റു സൗകര്യങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

നിർവഹണ ഏജൻസി -നിർമ്മിതി കേന്ദ്ര

ഫണ്ട്- വികസന ഫണ്ട്-2577520,തനത്722480 ആകെ- 3300000

എസ്റ്റിമേറ്റ് -3300000

ഭരണ സമിതി തീരുമാനങ്ങൾ- 2/10 7-3-2020,4/7/21-3-20

കരാർ-പി21/2019-20 /ആർ.എൻ.കെ./ടി.സി.ആർ/21-3-20

(ഇ വൗച്ചർ,തുക, 1.22001185/19-3-21 -990000

2.22001260/29-4-2020 -1035270

20-21 സാമ്പത്തിക വർഷത്തെ ചെലവ് 2025270

21-22സാമ്പത്തിക വർഷത്തെ ചെലവ് -236000

നാളിതു വരെ നിർമ്മിതി കേന്ദ്രക്കു നൽകിയത് 2813520 പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യ വികസനം,ലിഫ്റ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി നാളിതു വരെ നിർമ്മിതി കേന്ദ്രക്കു 28,13,520 നൽകിയിട്ടുണ്ട്. എന്നാൽ ലിഫ്റ്റ് ഇപ്പോഴും പ്രവർത്തനക്ഷമമല്ല എന്നു കാണുന്നു. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. പൊതു മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിനായ് അക്രഡിറ്റഡ് ഏജൻസികളുടെ തെരഞ്ഞെടുപ്പ്,അക്രഡിറ്റേഷൻ എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ്G.O(P) NO,77/2019/FIN. Dt.4-7-2019

ഉത്തരവിലെ അനുബന്ധം ,ക്രമ നം. 9 പ്രകാരം ജില്ല നിർമ്മിതി കേന്ദ്രക്കു (തൃശ്ശൂർ)കോസ്റ്റ് ഇഫക്റ്റീവ് പ്രവൃത്തികൾ ;ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകൾ അവലംബിച്ചും,ഗുണ നിലവാരം ഉറപ്പു വരുത്തി,പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തിയുള്ള നിർമ്മാണം,പരിപാലന പ്രവൃത്തികൾക്കാണ്അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്.ലിഫ്റ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് നിർമ്മിതി കേന്ദ്രക്കു അക്രഡിറ്റേഷൻ അനുവദിച്ച സർക്കാർ ഉത്തരവ്ഫയലിൽ ലഭ്യമല്ല.സർക്കാർ ഉത്തരവ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 16/10-6-2022)മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 20,25,270(2020-21 വർഷം ചെലവഴിച്ചത് ) തടസ്സപ്പെടുത്തുന്നു.

## 1-31 മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ഐസ് ബോക്സും- വാഹനം വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് - S086/21മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ,ഐസ്ബോക്സും

നിർവഹണഉദ്യോഗസ്ഥൻ- സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ഫണ്ട്,അടങ്കൽ -വികസനഫണ്ട് -155897

ഗുണഭോക്തൃ വിഹിതം(നേരിട്ട് ചെലവഴിക്കുന്നത് )228000

-383897(ആകെ അടങ്കൽ)

ആകെചെലവ്-154461(5ഗുണഭോക്താക്കൾക്ക് 28500 വീതം)

ട്രഷറി ബിൽ2/24-4-20 ,57000(28500 രൂപ വീതം രണ്ട് ഗുണഭോക്താക്കൾക്ക്) ഇ വൗച്ചർ-22000419/12-4-20, 57000)

മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ,ഐസ്ബോക്സും നൽകുന്ന പദ്ധതിക്കായി രണ്ട്മത്സ്യത്തൊഴിലാളികൾക്ക് മോട്ടോർ സൈക്കിൾ വാങ്ങിയ ഇനത്തിൽ57000 രൂപ(28500 രൂപ വീതം രണ്ട് ഗുണഭോക്താക്കൾക്ക്) നൽകിയിട്ടുണ്ട്. എന്നാൽമോട്ടോർ സൈക്കിൾ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഫയലിലില്ല. നിലവിൽ മത്സ്യ വില്പനക്ക് മോട്ടോർ സൈക്കിളും ,ഐസ്ബോക്സും ഇല്ലാത്തവരാണെന്നു വ്യക്തമാക്കുന്ന രേഖകളും ഇല്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 154461 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 32/13-6-22)

## 1-32 സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1.മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ

പ്രോജക്റ്റ് -S091/21

ഫണ്ട് -വികസന ഫണ്ട്(ജനറൽ)59100/-

ട്രഷറി ബിൽ-4/24-4-20, തുക-59100/-, ഇ വൗച്ചർ22000420/12-4-20

കീർത്തി ഫർണ്ണീച്ചർ ,എടവിലങ്ങ് എന്ന സ്ഥാപനത്തിൽ നിന്ന് പത്ത് മേശയും ,കസേരയും വാങ്ങി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഫർണ്ണീച്ചർ കൈപ്പറ്റിയ എട്ടു പേരുംപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്

ആനുകൂല്യം കൈപ്പറ്റിയ അനന്യ D/O നവിഈശ്വരൻ പുന്നയൂർക്കുളം പഞ്ചായത്തിലെ താമസക്കാരിയെന്നു കാണിക്കുന്ന രേഖകൾ ഫയലിൽ ഇല്ല. റേഷൻ കാർഡ് പ്രകാരം ഇവർ കോഴിക്കോടാണ് താമസം.(പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.)

സ്റ്റോർപർച്ചേയ്സ് മാന്വൽ,GEM എന്നിവ പ്രകാരമല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. പർച്ചേയ്സ് കമ്മിറ്റി മുഖേനയല്ലാതെ,കീർത്തി ഫർണ്ണീച്ചർ ,എടവിലങ്ങ് എന്ന സ്ഥാപനത്തിൽ നിന്ന് പത്ത് മേശയും ,കസേരയും വാങ്ങി വിതരണം ചെയ്യുകയാണുണ്ടായത്.

2.മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്-

പ്രോജക്റ്റ് -S092/21

ഫണ്ട് -വികസന ഫണ്ട്(ജനറൽ)91580/-

ട്രഷറി ബിൽ-1/24-4-20, തുക-91580/-

മേൽ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും നാല് ലാപ് ടോപുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ ലാപ് ടോപ് കൈപ്പറ്റിയ അസ്ന.ടി.എ ,D/O അഷ്റഫ്,തറയിൽ,ചമ്മന്നൂർ)റമീസ.കെD/Oഇബ്രാഹിം,കരിക്കളകത്ത്, വെളിയംകോട്) എന്നിവർ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടു കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-33 ജീവനോപാധി കണ്ടെത്തുന്നതിന് മുട്ടക്കോഴിയും കൂടും നൽകൽ - കൂടിന് വേണ്ടി പ്ലാൻ വിഹിതം അധികം ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

പദ്ധതി നം. S0104/21

അടങ്കൽ-250000(വി.ഫ ജനറൽ )

250000( ഗുണഭോക്തൃ വിഹിതം)

ചെലവ്-141674

കോട്ടക്കുന്ന് അഗ്രോ & പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ,മലപ്പുറം എന്ന സ്ഥാപനത്തിന് 5945.03 രൂപ നിരക്കിൽ 15 കൂടുകൾ വിതരണം ചെയ്തതിന് (ഇൻവോയ്സ് നം . 106/20.03.21 -89175 രൂപ ) 50 % പ്ലാൻ വിഹിതം 44587 രൂപ (വൗച്ചർ നം.22001270/29.03.21)അനുവദിച്ചു. സ.ഉ(കൈ)നം,22/2018/തസ്വഭവ തീ.14.02.18 (സ്ബ്സിഡി മാർഗ്ഗരേഖ) പ്രകാരം കൂടിന്റെ വിലയുടെ 25% മാത്രമാണ് നൽകാവുന്നത് . അതായത് 89175*25% -22294 രൂപ. 22293

രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു.

ഗുണഭോക്തൃ വിഹിതം 70837 രൂപ സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.26/13.06.22)

## 1-34 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അണ്ടത്തോട് സർക്കിൾ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അണ്ടത്തോട് സർക്കിൾ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) വിതരണ രജിസ്ററർ ,ബില്ലുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന ലൈഫ് ഗുണഭോക്താക്കൾ നാളിതു വരെ ഗൃഹ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| പേര് | ആദ്യഗഡു കൈപ്പറ്റിയ തീയതി | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|
| സുധ കുമാരൻ | 20.08.20 | 200000 |
| റുക്കിയ ഹനീഫ | 17.09.20 | 300000 |
| അനീഷ റഷീദ് | 21.08.20 | 300000 |
| രമാ രാജൻ | 20/11/20 | 300000 |
| അഫീല ലത്തീഫ് | 24.11.20 | 300000 |
| റജ്ജല സലീം | 04.03.21 | 300000 |

ഗൃഹ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

2) താഴെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിനോടനുബന്ധിച്ച് വിതരണ രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

| പേര് | തുക | വൗച്ചർ വിവരം |
|---|---|---|
| മുംതാസ് | 100000 | 22000782/<br>20.08.20 |
| പുഷ്പ .പി | 100000 | 22000950/<br>23.01.22 |

3) ബില്ലുകളിൽ ബെനിഫിഷ്യറി നെയിം രേഖപ്പെടുത്തുന്നതിൽ വ്യത്യാസം ഉണ്ട്. ഉദാഹരണത്തിന് പുഷ്പ .പി .ദാസൻ എന്ന പേരിലാണ് ആദ്യ ഗഡു 40,000 രൂപ അക്കൗണ്ടിലേക്ക് നൽകിയത്. തുടർന്ന് ബില്ലുകളിൽ , പുഷ്പ പി എന്ന പേരിലും നൽകി. പുഷ്പ പി എന്ന പേരിൽ മറ്റൊരു ഗുണഭോക്താവുമുണ്ട്. വിതരണ രജിസ്റ്ററിൽ ബിൽ നമ്പർ ,അക്കൗണ്ട് നമ്പർ ,ഫണ്ട് ഇനം എന്നിവ രേഖപ്പെടുത്തുന്നില്ല. യുടിആർ സ്റ്റാറ്റസ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയും ഇല്ല. ഇക്കാരണങ്ങളാൽ പലപ്പോഴും തുക വിതരണം ചെയ്തതിന്റെ കൃത്യത പരിശോധിച്ചുറപ്പു വരുത്താൻ സാധിക്കുന്നില്ല. രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ ചേർത്ത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.27/13.6.22)

## 1-35 ലൈഫ് ഭവന പദ്ധതി - മുൻകൂർ തുക കൈപ്പറ്റിയിട്ടും ഗൃഹ നിർമ്മാണം നാളിതു വരെ ആരംഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തൃപ്പറ്റ് സർക്കിൾ

1)താഴെ പറയുന്ന ലൈഫ് ഗുണഭോക്താക്കൾ ആദ്യ ഗഡു 40000 രൂപ കൈപ്പറ്റിയെങ്കിലും ഗൃഹ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് .

| പേര് | ആദ്യഗഡു കൈപ്പറ്റിയ തീയതി |
|---|---|
| ബിന്ദു വിജയ | 21/8/20 |
| രമണി മോഹൻദാസ് | 13/3/21 |

ആയതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/10.6.22) ,മേൽ പറഞ്ഞവരെ നേരിട്ട് വിളിച്ച്

അറിയിപ്പ് നൽകിയതായും പഞ്ചായത്ത് കമ്മിറ്റിക്ക് തുടർ നടപടികൾക്ക് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്.

2) ലക്ഷ്മി കുന്നംകാട്ടിൽ എന്ന ഗുണഭോക്താവ് ഗൃഹനിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും നഞ്ച ഭൂമിയായതിനാൽ നമ്പർ നൽകിയിട്ടില്ലെന്നും, അവസാന ഗഡു ധനസഹായം അനുവദിച്ചിട്ടില്ലെന്നും മേൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

മേൽ വിഷയങ്ങളുടെ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-36 ശ്യാമ പ്രസാദ് മുഖർജി റർബൻമിഷൻ/നാഷണൽറർബൻമിഷൻ(NRUM)

ഗ്രാമീണ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിലൂന്നിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടെ 2016 ഫെബ്രുവരി 21ന് ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നാഷണൽ റർബൻ മിഷൻ. ഈ പദ്ധതിയിൻ കീഴിൽ 12 ക്ലസ്റ്ററുകളാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനം സമർപ്പിച്ച ഇന്റഗ്രേറ്റഡ് ക്ലസ്റ്റർ ആക്ഷൻ പ്ലാൻ(ICAP ) കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം അംഗീകരിക്കുകയും, 64.80 കോടി രൂപ സംസ്ഥാനത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് Phase 1,2.3 പ്രകാരം ഓരോ ഫേസിലും രണ്ട് പഞ്ചായത്തുകൾ ഉൾപ്പെടുന്ന നാല് ക്ളസ്റ്ററുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ നോൺ ട്രൈബൽ വിഭാഗത്തിൽ ഫേസ് രണ്ടിലാണ് പുന്നയൂർക്കുളം-വടക്കേക്കാട് ക്ളസ്റ്ററുകളെ ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ പദ്ധതികൾക്ക് 30%ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് (CGP)കേന്ദ്ര വിഹിതവും 70%സംസ്ഥാന വിഹിതവുമാണ്. ജില്ല തലത്തിൽ പദ്ധതിയുടെ ഏകോപന ചുമതല പ്രോജക്റ്റ് ഓഫീസർ,ദാരിദ്ര്യ നിർമാർജന സെല്ലിനാണ്. 2019-20,20-21 വർഷങ്ങളിൽ റർബൻ മിഷൻ ഫണ്ട്ചെലവു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 2019-20 | | | | | | |
|---|---|---|---|---|---|---|
| ക്രമനം | പദ്ധതിയുടെ പേര് | വൗച്ചർ നം /തിയതി | തുക | | നിർവ്വഹണ ഏജൻസി | റിമാർക്സ് |
| | | | ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് | പഞ്ചായത്ത് ഫണ്ട് | | |
| 1 | അണ്ടത്തോട് കമ്മ്യൂണിറ്റി സെന്റർ & ആർട്ട് ഗാലറി | 21900582/19.10.19 | 2860000 | | നിർമ്മിതി | |
| 2 | ചെമ്മന്നൂർ ജി എം എൽ പി എസ് , ഫസ്റ്റ് ഫ്ലോർ | 21900583/19.10.19 | 616000 | | നിർമ്മിതി | |
| 3 | വഴിക്കണ്ണ്- പ്രധാന സെന്ററുകളിൽ ക്യാമറ സ്ഥാപിക്കൽ | 21900646/5.11.19 | 639582 | | സിഡ്കോ | |
| 4 | പി എച്ച് സി - ഡിജിറ്റൽ ലൈബ്രറി കം ഇൻഫോർമേഷൻ സെന്റർ | 21900703/21.11.19 | 735200 | | കോസ്റ്റ്ഫോർഡ് | |
| 5 | ഹോംലി ഹെൽത്ത് കെയർ ഷെൽറ്റർ ചെറായി വാർഡ് 3 | 21900704/21.11.19 | 448000 | | കോസ്റ്റ്ഫോർഡ് | |
| 6 | അണ്ടത്തോട് പി എച്ച് സി നവീകരണം | 21900705/21.11.19 | 2624000 | | കോസ്റ്റ്ഫോർഡ് | |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഹെൽത്ത് കോംപ്ലക്സും ഹെൽത്ത് ഫിറ്റ്നെസ്സ് സെന്ററും | 21900706/21.11.19 | 2260000 | | കോസ്റ്റ്ഫോർഡ് | |
| 8 | ചെറായി സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം | 21900750/3.12.19 | 447794 | | സിഡ്കോ | |
| 9 | 30 ാം നമ്പർ അംഗൻവാടി നിർമ്മാണം | 21900807/23.12.19 | 326000 | | നിർമ്മിതി | |
| 10 | ബഡ്സ് സ്കൂൾ നിർമ്മാണം | 21900808/23.12.19 | 1099200 | | കോസ്റ്റ്ഫോർഡ് | |
| 11 | സോളാർ കൺവേർഷൻ – പഞ്ചായത്ത് ബിൽഡിംഗ് | 21900809/23.12.19 | 10304 | | കെൽട്രോൺ | |
| 12 | സോളാർ കൺവേർഷൻ – പി എച്ച് സി ബിൽഡിംഗ് | 21900810/23.12.19 | 876523 | | കെൽട്രോൺ | |
| 13 | സോളാർ കൺവേർഷൻ – ക്രിമിറ്റോറിയം | 21900811/23.12.19 | 876523 | | കെൽട്രോൺ | |
| 14 | കെട്ടുങ്ങൽ കുടിവെള്ളപദ്ധതി | 21900846/26.12.19 & 21900851/31.12.19 | 1100000 | | ഭൂജല വകുപ്പ് | |
| 15 | ചമ്മന്നൂർ കുടിവെള്ള പദ്ധതി | 21900847/26.12.19 & 21900851/31.12.19 | 2650000 | | ഭൂജല വകുപ്പ് | |
| 16 | അണ്ടത്തോട് പനന്തറ SRO കുടിവെള്ളപദ്ധതി | 21900848/26.12.19 & 21900851/31.12.19 | 2890000 | | ഭൂജല വകുപ്പ് | |
| 17 | ചമ്മന്നൂർ ജി എം എൽ പി സ്കൂൾ ഫസ്റ്റ് ഫ്ലോർ | 21901027/20.2.20 | 616000 | | നിർമ്മിതി | |
| 18 | പുന്നയൂർക്കുളം ജി എം എൽ പി സ്കൂൾ പുനരുദ്ധാരണം | 21901028/20.2.20 | 1086000 | | നിർമ്മിതി | |
| 19 | കനോലി കനാൽ ഭിത്തി സംരക്ഷണം | 21901044/27.2.20 | 10000000 | | മൈനർ ഇറിഗേഷൻ വകുപ്പ് | |
| 20 | സോളാർ കൺവേർഷൻ – പഞ്ചായത്ത് ബിൽഡിംഗ് | 21901248/31.3.20 | 447880 | | കെൽട്രോൺ | |
| 21 | സോളാർ കൺവേർഷൻ – | 21901246/31.3.20 | 702800 | | കെൽട്രോൺ | |

| | | | | | | |
|---|---|---|---|---|---|---|
| | പി എച്ച് സി ബിൽഡിംഗ് | | | | | |
| 22 | സോളാർ കൺവേർഷൻ – ക്രിമിറ്റോറിയം | 21901246/31.3.20 | 702800 | | കെൽട്രോൺ | |
| 23 | ചമ്മന്നൂർ ജി എം എൽ പി സ്കൂൾ ഫസ്റ്റ് ഫ്ലോർ | 21901245/31.3.20 | 616000 | | നിർമ്മിതി | |
| 2020-21 | | | | | | |
| 24 | 7 ാം നമ്പർ അംഗൻവാടി നിർമ്മാണം | 22000326/5.8.20 | 532000 | | നിർമ്മിതി | |
| 25 | 28 ാം നമ്പർ അംഗൻവാടി നിർമ്മാണം | 22000325/5.8.20 | 372000 | | നിർമ്മിതി | |
| 26 | 17 ാം നമ്പർ അംഗൻവാടി നിർമ്മാണം | 22000327/5.8.20 | 364000 | | നിർമ്മിതി | |
| 27 | അണ്ടത്തോട് കമ്മ്യൂണിറ്റി സെന്റർ & ആർട് ഗാലറി 2ാം ഗഡു | 22000372/19.8.20 | 2860000 | | നിർമ്മിതി | |
| 28 | ടൂറിസം കൗൺസിൽ | 22000372/20.8.20 | 5000000 | | ലഭ്യമല്ല | |
| 29 | കപ്രവള്ളി സ്കൂൾ പുനരുദ്ധാരണം | 22000390/20.8.20 | 1476000 | | നിർമ്മിതി | |
| 30 | ചെറായി സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം | 22000524/3.9.20 | 1752206 | | സിഡ്കോ | |
| 31 | 30 ാം നമ്പർ അംഗൻവാടി നിർമ്മാണം | 22000527/14.9.20 | 290000 | | നിർമ്മിതി | |
| 32 | 22 ാം നമ്പർ അംഗൻവാടി നിർമ്മാണം | 22000534/14.9.20 | 290000 | | നിർമ്മിതി | |
| 33 | ചമ്മന്നൂർ സ്കൂൾ 4ാം ഗഡു | 22000541/23.9.20 | 616000 | | നിർമ്മിതി | |
| 34 | വഴിക്കണ്ണ്- പ്രധാന സെന്ററുകളിൽ ക്യാമറ സ്ഥാപിക്കൽ | 22000543/23.9.20 | 334985 | | സിഡ്കോ | |

## 1-37 ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികൾ- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

ഹെഡ്മിസ്ട്രസ് ,ജിയുപിഎസ് ചെറായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം. 22/10.06.22)

1. S00197/21- ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങൽ

അടങ്കൽ- 159211 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം )

ചെലവ്- 159211 (22000115/10.11.20-100000 രൂപ

22001282/30.03.21-59211 രൂപ)

പദ്ധതിയുടെ ഭാഗമായി 159211 രൂപക്ക് പുസ്തകങ്ങൾ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും വാങ്ങി പഞ്ചായത്ത് ലൈബ്രറിയിലേക്ക് നൽകിയിട്ടുണ്ട്. 100000 രൂപയുടെ ഇൻവോയ്സ് (നം.KSBM/951/20 തീ. 03.11.20 ) മാത്രമാണ് ഫയലിലുള്ളത്. ബാക്കി 59211 രൂപക്കുള്ള ഇൻവോയ്സ് ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. S0195/21-അണ്ടത്തോട് സ്കൂളിന് വാടക നൽകൽ

അടങ്കൽ- 24240 (തനതു ഫണ്ട് )

ചെലവ്- 24240 (വൗച്ചർ നമ്പർ ലഭ്യമല്ല)

നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അണ്ടത്തോട് ജിഎംഎൽ പി സ്കൂളിന്റെ 2019-20,2020-21 വർഷങ്ങളിലെ വാടകയായി 12120 രൂപ വീതം 24240 രൂപ നഫീസക്കുട്ടി എന്നവർക്ക് നൽകി .ചെക്ക് ,വൗച്ചർ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല. വാടക നിശ്ചയിച്ച തീരുമാനം, വാടക കരാർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3. S0219/21-ചമ്മന്നൂർ ഹൈടെക്ക് സ്കൂൾ പദ്ധതി

അടങ്കൽ- 800000 (തനതു ഫണ്ട് )

ചെലവ്- 799999(ചെക്ക് നമ്പർ .285528/8.2.21)

ചമ്മന്നൂർ ജിഎംഎൽ പി സ്കൂളിലേക്ക് ആവശ്യമായ സ്മാർട്ട് ടിവി യുപിഎസ് ഗ്രീൻ ബോർഡ് സ്റ്റുഡിയോ റൂം,ഫർണീച്ചറുകൾ എന്നിവ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 1/22.09.20 തീരുമാന പ്രകാരം സിഡ്കോ മഞ്ചേരിയെ ചുമതലപ്പെടുത്തി. പ്രവൃത്തി പൂർത്തീകരിച്ച് മേൽ പ്രകാരം തുക നൽകുകയും ചെയ്തു. ആയതിനോടനുബന്ധിച്ച തയ്യാറാക്കിയ ബിൽ, ചമ്മന്നൂർ ജിഎംഎൽ പി സ്കൂളിലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 883450(59211+24240+799999) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-38 ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1. ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളോടനുബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ, കാഷ്ബുക്ക് എന്നിവ ശരിയായി സൂക്ഷിച്ചിട്ടില്ല. വരവു ചെലവു തുകകൾ കാഷ്ബുക്കിൽ പലപ്പോഴും രേഖപ്പെടുത്തിയിട്ടില്ല. വിവിധ പദ്ധതികളുടെ ഭാഗമായി വാങ്ങിയ ഇനങ്ങൾ ഒരു ഏകീകൃത സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2)S074/21- വികലാംഗർക്ക് സഹായ ഉപകരണങ്ങൾ നൽകൽ

അടങ്കൽ- 100000(വി.ഫ ജനറൽ)

ചെലവ്- 100000(വൗച്ചർ നം . 220000481/12.04.20)

പദ്ധതിയുടെ ഭാഗമായി 100000 രൂപ മേൽപ്രകാരം കേരള സ്റ്റേറ്റ് ഹാൻഡികാപ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷന് നൽകി . എന്നാൽ ടാക്സ് ഇൻവോയ്സ് പ്രകാരം (നം.578 GST Invoice (B2C)category) 99967 രൂപയാണ് യഥാർത്ഥ ചെലവ്. പ്രഫോർമ ഇൻവോയ്സ് ഫയലിൽ ഇല്ല. ഒരു ഇൻവോയ്സിനെ അടിസ്ഥാനമാക്കിയല്ലാതെ തുക കൈമാറിയത് ശരിയായ നടപടി ക്രമമല്ല. അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി .നം.24/13.06.22)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജീവനോപാധി കണ്ടെത്തുന്നതിന് മുട്ടക്കോഴിയും കൂടും നൽകൽ - കുടിന് വേണ്ടി പ്ലാൻ

വിഹിതം അധികം ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

പദ്ധതി നം. S0104/21

അടങ്കൽ-250000(വി.ഫ ജനറൽ )

250000( ഗുണഭോക്തൃ വിഹിതം)

ചെലവ്-141674

കോട്ടക്കുന്ന് അഗ്രോ & പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ,മലപ്പുറം എന്ന സ്ഥാപനത്തിന് 5945.03 രൂപ നിരക്കിൽ 15 കൂടുകൾ വിതരണം ചെയ്തതിന് (ഇൻവോയ്സ് നം . 106/20.03.21 -89175 രൂപ ) 50 % പ്ലാൻ വിഹിതം 44587 രൂപ(വൗച്ചർ നമ്പർ 22001270/29.3.21) അനുവദിച്ചു . സ.ഉ (കൈ) നം,22/2018/തസ്വഭവ തീ.14.02.18 (സ്ബ്സിഡി മാർഗ്ഗരേഖ ) പ്രകാരം കൂടിന്റെ വിലയുടെ 25% മാത്രമാണ് നൽകാവുന്നത് . അതായത് 89175*25% -22294 രൂപ . 22293 രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു.

ഗുണഭോക്തൃ വിഹിതം 70837 രൂപ സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.26/13.06.22)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 500000 | ലൈബ്രറി മന്ദലാംകുന്ന് കിണർ | 0 | 500000 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| | | | എസ് ആർ ഒ കുടിവെള്ള പദ്ധതി | 661227 | |
| ജില്ലാ പഞ്ചായത്ത് OB – 1675365 | 2019-20 | 19115 | പാലിയേറ്റീവ് കെയർ | 19115 | 0 |
| | 2019-20 | 26100 | ആശ്രയ കട്ടിൽ | 26100 | 0 |

പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർണ്ണമായ വിവരങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-4 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വായ്പയുടെ തുക വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് – HUDCO | | | 18815926 | 1667529 | | 17148397 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107876151 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 143373315 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22293 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7719843 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 22293 | ഡോ.ദിവ്യ റാണി തോമസ് ,വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24(4) | 1441025 | ഷിപുദാസ്,സെക്രട്ടറി |
| 1-24(4) | 178005 | അനിത രാമൻ , സെക്രട്ടറി |
| 1-26 | 3037632 | ഷിപുദാസ്,സെക്രട്ടറി |
| 1-30 | 1035270 | ആര്യ വി ബി , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 990000 | ആശ മോൾ എം , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 154461 | ഫാത്തിമ പി എ സബ് ഇൻസ്പെക്ടർ |

| | | |
|---|---|---|
| | | ഓഫ് ഫിഷറീസ് |
| 1-37 | 883450 | മിനി സി, ഹെഡ്മിസ്ട്രസ് ജിയുപിഎസ് ചെറായി |
| ആകെ | 7719843 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ഡോ.ദിവ്യ റാണി തോമസ് ,വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,വടക്കാഞ്ചേരി | ടീച്ചേഴ്സ് ഫ്ലാറ്റ്, വെറ്ററിനറി കോളേജ് ക്യാമ്പസ് മണ്ണുത്തി, |
| ശ്രീ.ഷിപുദാസ്,സെക്രട്ടറി | സെക്രട്ടറി,പുന്നയൂർ ഗ്രാമ പഞ്ചായത്ത് | കൃഷ്ണകൃപ ,പൂന്നത്തൂർ റോഡ്,കോട്ടപ്പടി,680505 |
| ശ്രീമതി.അനിത രാമൻ , സെക്രട്ടറി | സെക്രട്ടറി,ഒരുമനയൂർ ഗ്രാമ പഞ്ചായത്ത് | ചെറുവത്തൂർ പുഷ്പകം ,കുന്നംകുളം |
| ശ്രീമതി.ആര്യ വി ബി , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ചേരിക്കാട്ടിൽ വീട്,ചിറ്റത്തൂർ,കീഴൂർ ,680523 |
| ശ്രീമതി.ആശ മോൾ എം , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത് | ഭാസുരാലയം,എഴുപുന്ന,ചേർത്തല, ആലപ്പുഴ |
| ശ്രീമതി.ഫാത്തിമ പി എ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ലീവ് | പടിക്കവീട്ടിൽ,നാറാണത്തു,പാടൂർ,തൃശ്ശൂർ |
| ശ്രീമതി.മിനി സി, ഹെഡ്മിസ്ട്രസ് ജിയുപിഎസ് ചെറായി | റിട്ടയേർഡ് | കണ്ടരപ്പശ്ശേരി ഹൗസ്,കണ്ടലിയൂർ,തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1970-71 | എൽ.എഫ്.ടി 272/75/ 15.04.75 |
| 85-86, 86-87 | എൽ.എഫ്.ടി12- 310/92/ 01.01.93 |
| 87-88 | എൽ.എഫ്.ടി12-1165/92/ 17.12.92 |
| 88-89,89-90, 90-91 | എൽ.എഫ്.ടി11- 275/94/ 30.09.94 |
| 91-92 | എൽ.എഫ്.ടി11- 962/93 / 26.02.94 |
| 92-93, 93-94 | എൽ.എഫ്.ടി11-775/95/ 10.06.96 |
| 94-95, 95-96 | എൽ.എഫ്.ടി17-1764/99/ 30.03.00 |

| | |
|---|---|
| 96-97 | എൽ.എഫ്.ടി17-321/97/ 02.11.99 |
| 97-98 | എൽ.എഫ്.ടി17-340/99/ 04.05.99 |
| 98-99 | എൽ.എഫ്.ടി17-1713/00/ 06.02.01 |
| 99-00 | എൽ.എഫ്.ടി13-907/02/ 160.5.03 |
| 00-01, 01-02 (പ്ലാൻ) | എൽ.എഫ്.ടി13-1399/03/ 06.04.04 |
| 00-01, 01-02 (പ്ലാൻ ഒഴികെ) | എൽ.എഫ്.ടി13-1810/04/ 27.09.05 |
| 02-03 | എൽ.എഫ്.ടി13-739/05/ 17.01.06 |
| 03-04 | എൽ.എഫ്.ടി13-1268/08/ 14.12.09 |
| 04-05 | എൽ.എഫ്.ടി13-1269/08/ 14.12.09 |
| 05-06 | എൽ.എഫ്.ടി13-396/10/0 8.11.10 |
| 06-07 | എൽ.എഫ്.ടി13-397/10/ 16.11.10/27.05.11 |
| 07-08 | എൽ.എഫ്.ടി.പി.1-655/11/ 30.9.11/8.12.11 |
| 08-09 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 09-10 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 10-11 | എൽ.എഫ്.ടി.പി.4-1874/12/ 11.03.13/15.06.13 |
| 11-12 | എൽ.എഫ്.ടി.പി.4-744/13/ 23.8.13 |
| 12-13 | എൽ.എഫ്.ടി.പി8-253/14/ 20.08.14/29.10.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി8)-26/16/ 130.1.16/8.03.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി8)937/16 / 13.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി8)1845/16 / 27.10.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1515/17/14-1-2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1738/18/14.12.2018 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി8)701/2020 തീയതി.04.08.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(P12)/9652022 തീയതി.050702022. |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ )
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്